➩ ആശുപത്രി കിടക്കയിലുണ്ടായിരുന്ന എനിക്ക് നേരെ അദ്ദേഹം കയ്യോങ്ങി ➩



ഡേ. പി.ജി. ഹരിയെ പോലീസ് മർദ്ദിക്കുന്നു

**ഈ ആവേശത്തെ കെടുത്തുന്ന തരത്തിലുള്ള ഇടപെടലാണ് ഹരിത എം.എൽ.എ ആയ ടി.എൻ. പ്രതാപന്റെ ഭാഗത്ത് നിന്നുമുണ്ടായത്. സമരം ഒരു തരത്തിലും കമ്പനിക്കെതിരല്ലെന്നും കമ്പനി പൂട്ടിക്കുക എന്നതല്ല, മലിനീകരണം ഇല്ലാതാക്കുക എന്നതാണ് ഈ സമരത്തിന്റെ ലക്ഷ്യമെന്നുമാണ് അദ്ദേഹം പ്രസംഗിച്ചത്.**

ചോദ്യം ചെയ്ത എന്നോട്, നീ ആരാണ്? പുറത്ത് നിന്നും വന്നവർക്ക് ഇവിടെ എന്താണ് കാര്യം? എന്നെല്ലാം ഒരു നാട്ടുമാടമ്പിയുടെ ശരീരഭാഷയിൽ ആക്രോശിച്ചുകൊണ്ട് എം.എൽ.എ തട്ടിക്കയറി. എന്നാൽ, അവർ പ്രതീക്ഷിച്ചതിൽ നിന്നും വിപരീദമായി ജനങ്ങൾക്കിടയിൽ നിന്നും ഇവർക്കനുകൂലമായ വികാരമൊന്നുമുണ്ടായില്ല. മാത്രമല്ല, ഹരിത എം.എൽ.എയുടെ യഥാർത്ഥ നിറം ജനങ്ങൾക്ക് മുന്നിൽ തുറന്നുകാട്ടപ്പെടുകയും ചെയ്തു. പ്രക്ഷുബ്ദ്ധമായ ഒരന്തരീക്ഷത്തിൽ പോലും ഒരു ജനകീയ ജനപ്രതിനിധി ഇത്തരത്തിൽ പ്രതികരിക്കാൻ പാടില്ലെങ്കിലും സാഹചര്യത്തിന്റെ സമ്മർദ്ദം കണക്കിലെടുത്ത് അദ്ദേഹത്തിന്റെ നടപടി അവഗണിക്കാവുന്നതാണ്. എന്നാൽ അന്ന് വൈകുന്നേരുമുണ്ടായ ഭീകര പോലീസ് മർദ്ദനത്തെ തുടർന്ന് പരിക്കേറ്റ് ആശുപത്രിയിൽ കിടക്കുന്ന സമരപ്രവർത്തകരെ കാണാൻ പി.എ. മാധവൻ എം.എൽ.എയ്ക്കൊപ്പമെത്തിയ ഈ ഹരിത എം.എൽ.എ രാവിലത്തെ നിലപാടും പെരുമാറ്റവും എന്നോട് ആവർത്തിച്ചു. ആശുപത്രി കിടക്കയിലുണ്ടായിരുന്ന എനിക്ക് നേരെ അദ്ദേഹം കയ്യോങ്ങി. എന്നോടുള്ള വ്യക്തിപരമായ വൈരാഗ്യമായല്ല ഞാൻ ഈ പെരുമാറ്റത്തെ കാണുന്നത്. മറിച്ച് സമരം തങ്ങളുദ്ദേശിക്കുന്ന വഴിയിൽ നിന്നും മാറി പുതിയ മേഖലകളിലേക്ക് വികസിച്ചു എന്നതിന്റെ രോഷമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. സമരത്തിന്റെ വികാസം തങ്ങളുടെ രാഷ്ട്രീയ ഇടത്തിനുണ്ടാക്കിയിരിക്കുന്ന പരിക്കുകളെക്കുറിച്ചും ഹരിതരാഷ്ട്രീയത്തിന്റെ കപടത ഗ്രാമവാസികൾക്ക് മുന്നിൽ തുറന്നുകാട്ടപ്പെട്ടതിനെക്കുറിച്ചും അദ്ദേഹം വേവലാതിപ്പെട്ടിരിക്കാം.

ഇത് ഒരൊറ്റപ്പെട്ട സംഭവമല്ല. തൊട്ടടുത്ത ദിവസം തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചർച്ചയിൽ ഇദ്ദേഹമെടുത്ത നിലപാടുമായി ഈ സംഭവത്തെ ചേർത്തുവായിക്കണം. ചർച്ചകഴിഞ്ഞ് മാധ്യമപ്രവർത്തകരെ കണ്ട സമരസമിതി പ്രവർത്തകർക്കൊപ്പമുണ്ടായിരുന്ന ടി.എൻ. പ്രതാപൻ എം.എൽ.എ കമ്പനി അടച്ചുപൂട്ടണമെന്നുള്ള ആവശ്യമാണ് താൻ ചർച്ചയിൽ ഉന്നയിച്ചതെന്നും അതംഗീകരിക്കാത്തതുകൊണ്ടാണ് ചർച്ച പരാജയപ്പെടതെന്നുമാണ് മാധ്യമങ്ങളോട് പറഞ്ഞത്. എന്നാൽ ചർച്ച തുടങ്ങുന്നതിന് മുമ്പ് സമരസമിതി പ്രവർത്തകരുമായി അനൗദ്യോഗിക ചർച്ച നടത്തിയ ടി.എൻ. പ്രതാപൻ കമ്പനി പൂട്ടണമെന്ന ആവശ്യം ചർച്ചയിൽ ഉയർത്തരുതെന്നും അതു നടക്കില്ലെന്നും പറഞ്ഞിരുന്നു. (തെളിവുകൾ സമരസമിതി പ്രവർത്തകരുടെ കൈവശമുണ്ട്). മുഖ്യമന്ത്രിയുമായുള്ള ചർച്ച കഴിഞ്ഞ് പുറത്തെത്തിയപ്പോഴേക്കും വീണ്ടും അദ്ദേഹത്തിന്റെ നിലപാടുകൾ കരണം മറിഞ്ഞു.

സമരത്തിനൊപ്പമുള്ളതായി നടിക്കുകയും ജനങ്ങളേയും സമരത്തെയും ഒറ്റുകൊടുക്കുകയും ചെയ്യുന്ന മുഖ്യധാരാ രാഷ്ട്രീയക്കാരായ ഇത്തരം കള്ളനാണയങ്ങക്ക് കേരളത്തിലെ മിക്ക ജനകീയ സമരങ്ങളിലും മേൽകൈ ലഭിക്കുന്നു എന്നതാണ് ആ സമരങ്ങൾ നേരിടുന്ന ഒരു പ്രധാന പ്രതിസന്ധി. അത് തുറന്നുകാട്ടപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ശക്തമായി തുടരുന്ന സമരത്തെ ഏതെങ്കിലും തരത്തിലുള്ള വിഭാഗീയതയിലൂടെ ദുർബലപ്പെടുത്താനല്ല ഇതെഴുതുന്നത്. മറിച്ച്, ജനങ്ങളുടെ യഥാർത്ഥ സമരോർജ്ജത്തെ ശരിയായ ദിശയിലേക്ക് നയിക്കാൻ വേണ്ടി ചില കപടതകൾ തുറന്നുകാട്ടപ്പെടണം എന്നതുകൊണ്ടാണ്. ■